**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1861** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി സൗഹാർദമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങൾ ഇലക്ട്രിക്ക് വാഹനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ കേരളം സബ്സിഡി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | G.O.(Ms)No.24/2019/Trans dated 10.03.2019 പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രിക്ക് വാഹന നയത്തിന്റെ അടിസ്ഥാനത്തിൽ, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷാ ഉടമകൾക്ക് 30,000/-രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും ഹരിത ഊർജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10-03-2019 ലെ ജി.ഒ (എം.എസ്) നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ചു ഉത്തരവാകുകയും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2020 - ലെ ഫിനാൻസ് ആക്ട് പ്രകാരം സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക് മോട്ടോർ സൈക്കിൾ/ സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ/ ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. G.O(P)No.21/2020/Trans dated 22/04/2020 പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. G.O(P)No.12/2021/Trans dated |

| | | | | |
|---|---|---|---|---|
| | | | | 23/02/2021 ഉത്തരവ് പ്രകാരം, 01/04/2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് SO 5333(E) dated 18/10/2018 പ്രകാരം, പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഇലക്ട്രിക് വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 02/08/2021 പ്രകാരം, ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കികൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ, 01/06/2021 മുതൽ, CNG/LNG/Electrical Energy എന്നിവയിലേതിലേക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂ എന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവ് G.O.(Rt) No.473/2019/Trans dtd.15.10.2019 പ്രകാരം, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള KSEB യുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ ഇലക്ട്രിക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അവർ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ